**സ്വാമി ശരണം**

# തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടിക്രമം

**സംഗ്രഹം**

കാഷ്വൽ ലീവിനും സ്പെഷ്യൽ കാഷ്വൽ ലീവിനും പകരം വ്യവസ്ഥ അലവൻസ് ചെക്ക് സമ്പ്രദായം നിലനിർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആർ.ഒ.സി നമ്പർ.2563/17/മിസ്.3 നന്തൻകോട് , 23 /05/2017.

---

പരാമർശം :

1. തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ട് സംസ്ഥാന കമ്മിറ്റിയുടെ 01.03.2017-ലെ നിവേദനം.
2. ദേവസ്വം കമ്മീഷണറുടെ 12.4.17-ലെ ആർ.ഒ.സി. 2563/17/മിസ്.സി നമ്പർ അഭിപ്രായം.
3. ഈ ആഫീസിലെ 6.5.17-ലെ മേൽ നമ്പർ ഉത്തരവ്.
4. തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ട് സംസ്ഥാന കമ്മിറ്റിയുടെ 11.05.2017-ലെ നിവേദനം.

**ഉത്തരവ്**

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ കാഷ്വൽ ലീവിനും സ്പെഷ്യൽ കാഷ്വൽ ലീവിനും പകരം ജോലി ചെയ്യുന്ന ആളിന് അക്കൗണ്ടിലൂടെ ചെലവെഴുതാതെ മുൻപ് ചെയ്തിരുന്ന ക്രമം ചെക്ക് സമ്പ്രദായം നിലനിർത്തുന്നതിന് ഉത്തരവുണ്ടാകണമെന്ന് വിവരിച്ച് തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ടിന്റെ നിവേദനം ലഭിച്ചു. (പരാമർശം.1)

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ കാഷ്വൽ ലീവ്, സ്പെഷ്യൽ കാഷ്വൽ ലീവ് എന്നിവയുടെ പകരം വ്യവസ്ഥ അലവൻസ് ബാങ്ക് അക്കൗണ്ടിലൂടെ ചെലവെഴുതി നൽകുന്നതിന് നിർദ്ദേശിച്ച് 6.5.2017 ൽ ബോർഡുത്തരവായിട്ടുള്ളതാണ്. (പരാമർശം.3)

പ്രസ്തുത ഉത്തരവിനെ തുടർന്ന് തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ടിന്റെ നിവേദനം ലഭിച്ചതിൽ, ദേവസ്വങ്ങളിൽ പകരം വ്യവസ്ഥയിൽ നിൽക്കുന്നവരിൽ ഭൂരിഭാഗവും സമൂഹത്തിൽ പിന്നോക്കം നിൽക്കുന്നവരാണെന്നും പകരം വ്യവസ്ഥ അലവൻസ് ബാങ്ക് അക്കൗണ്ടിലൂടെ ചെലവെഴുതി നൽകണമെന്നുള്ള ഉത്തരവ് പ്രാവർത്തികമാക്കിയാൽ പകരം വ്യവസ്ഥയിൽ ആളെ ലഭിക്കാത്ത സാഹചര്യം ഉണ്ടാകുമെന്നും ഇത്തരക്കാരിൽ അധികം പേർക്കും ബാങ്ക് അക്കൗണ്ടോ ഇത് സംബന്ധിച്ചുള്ള അറിവോ ഇല്ലായെന്നും ടി സാഹചര്യം കണക്കിലെടുത്ത് ദേവസ്വം ബോർഡിലെ ജീവനക്കാരുടെ കാഷ്വൽ ലീവ്, സ്പെഷ്യൽ കാഷ്വൽ ലീവ് എന്നിവയുടെ പകരം വ്യവസ്ഥ അലവൻസ് ബാങ്ക് അക്കൗണ്ടിലൂടെ ചെലവെഴുതി നൽകണമെന്ന ഉത്തരവ് പുന:പരിശോധിക്കണമെന്ന് വിവരിച്ച് അപേക്ഷ സമർപ്പിച്ചു. (പരാമർശം.4)

(മറുപുറം)

പ്രസ്തുത വിഷയം ബോർഡ് ചർച്ച ചെയ്തതിൽ, തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ കാഷ്വൽ ലീവ്, സ്പെഷ്യൽ കാഷ്വൽ ലീവ് എന്നിവയുടെ പകരം വ്യവസ്ഥ അലവൻസ് ബാങ്ക് അക്കൗണ്ടിലൂടെ ചെലവെഴുതി നൽകണമെന്നുള്ള പരാമർശം-3 ഉത്തരവ് റദ്ദു ചെയ്ത് തല്ക്കാലം നിലവിലുള്ള സംവിധാനം തുടരുന്നതിന് അനുവദിച്ച് ബോർഡുത്തരവാകുന്നു.

**തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി**

**(ഒപ്പ്)**

**സെക്രട്ടറി**

അസിസ്റ്റന്റ് സെക്രട്ടറി ശബരിമല സെൽ
അഡീഷണൽ ഇൻചാർജ്

പകർപ്പ് :

1) എല്ലാ ആഫീസ് മേധാവികൾക്കും
2) ജനറൽ സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് സംസ്ഥാന കമ്മിറ്റി
3) സെക്ഷൻ ഫയൽ
4) ഫയൽ ബുക്ക്
5) ആഫീസ് കോപ്പി

അംഗീകാരത്തോടെ
(signature)
അസിസ്റ്റന്റ് സെക്രട്ടറി

EDP Section,
Board office.